മറ്റുപല സ്ക്കൂളുകളിലും വാനുകളിൽ കുട്ടികൾ പോകുമ്പോൾ ആ മേഖലയിൽ 8 കിലോമീറ്ററോളം ദൂരം സഞ്ചരിച്ചാണ് യു.പി. സ്ക്കൂളിൽപ്പോലും പിഞ്ചുകുഞ്ഞുങ്ങൾ പോകുന്നത്. അതുകൊണ്ട് ഈ മേഖലയിൽ മൗലികാവകാശം പ്രഖ്യാപിച്ച് അത് നടപ്പാക്കേണ്ട ഭരണഘടനാ ബാദ്ധ്യത ഗവൺമെന്റിനുണ്ട്. ഇങ്ങനെയുള്ള പ്രദേശങ്ങളിൽ സ്ക്കൂളുകൾ നടത്തുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി): സർ, ഭരണഘടനയുടെ 93-ാം ഭേദഗതിയനുസരിച്ച് 14 വയസ്സിനു താഴെയുള്ള കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പാക്കുന്നത് സർക്കാരിന്റെ ഭരണഘടനാപരമായ ബാധ്യതയാണ്, അത് മൗലീകാവകാശമാണെന്ന് കോടതി പറഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ പ്രത്യേകിച്ചും മലയോര പ്രദേശങ്ങളിൽ കുട്ടികൾക്ക് വേണ്ടത്ര വിദ്യാഭ്യാസ സൗകര്യം ചെയ്യുന്നതാണ്, അത്തരം മേഖലയിൽ അടിയന്തിരമായി നടപടിയെടുക്കും.

(18) പ്രീപ്രൈമറി ജീവനക്കാരുടെ വേതനം

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, കേരളത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സർക്കാർ സ്ക്കൂളുകളോടനുബന്ധിച്ചുള്ള പ്രീപ്രൈമറി ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന ആയിരത്തോളം വരുന്ന അദ്ധ്യാപികമാർ, ആരുമാരും തിരിഞ്ഞുനോക്കാനില്ലാതെ, ഒരു നയാപൈസപോലും വരുമാനമില്ലാതെ ദുരിതമനുഭവിക്കുകയാണ്. സർവ്വശിക്ഷാ അഭിയാൻ പ്രകാരമുള്ള ഫണ്ട് കേന്ദ്ര ഗവൺമെന്റിൽ നിന്നും ശിശു വിദ്യാഭ്യാസത്തിന് ലഭ്യമാകുന്നത് ശിശുക്ഷേമ വകുപ്പിനാണ്. ആ ഫണ്ടിൽ നിന്നും ആയിരത്തോളം വരുന്ന ഈ പാവപ്പെട്ട ജീവനക്കാരികൾക്ക് വളരെ തുച്ഛമാണെങ്കിൽപ്പോലും അംഗൻവാടി വർക്കർമാർക്ക് കൊടുക്കുന്നതുപോലെയുള്ള വേതനം കൊടുക്കാൻ സാമൂഹ്യ ക്ഷേമവകുപ്പ് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി): സർ, ഇപ്പോൾ പി. ടി. എ.യുടെ നേതൃത്വത്തിലാണ് സർക്കാർ സ്ക്കൂളുകളിൽ പ്രീപ്രൈമറി വിദ്യാഭ്യാസം നടത്തിവരുന്നത്. അവിടെ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും ആയമാർക്കും ശമ്പളം നൽകുന്നതും പി.ടി.എ. ആണ്. എസ്.എസ്.എ. പദ്ധതിയിൽപ്പെടുത്തി ഇക്കാര്യം ആലോചിക്കാവുന്നതാണ്.

(19) നാദാപുരത്ത് വികസന പദ്ധതികൾ പ്രാവർത്തികമാക്കൽ

ശ്രീ. ബിനോയ് വിശ്വം: സർ, നാദാപുരം മേഖല വർഗ്ഗീയ സംഘർഷങ്ങളിൽപ്പെട്ട് വളരെയധികം ദുരിതമറിഞ്ഞ മണ്ണാണ്. അവിടെ സമാധാനം വീണ്ടെടുക്കപ്പെട്ടുവെങ്കിലും വികസനം വഴിമുട്ടി നിൽക്കുന്നു. സർവ്വകക്ഷി മുൻകൈ എടുക്കുന്ന ഒരു യത്നത്തിന്റെ ഭാഗമായിട്ട് ഒരു വികസന പദ്ധതി തയ്യാറാക്കി കൊടുത്തതാണ്, ഇതുവരെ അത് പ്രാവർത്തികമായിട്ടില്ല. മുഖ്യമന്ത്രിക്ക് അക്കാര്യം അറിയാം, അത് അനുകൂലമായി നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly